പതിമൂന്നാം കേരളനിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1656 02/07/2015 ൽ മറുപടിയ്ക്ക്.

# ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>,, വർക്കല കഹാർ<br>,, വി.ഡി.സതീശൻ<br>,, ലൂഡി ലൂയിസ് : | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കമോ; | (എ) സർക്കാരിന്റെ 29.01.2015 സ.ഉ (എം. എസ്) നം. 18/2015/തസ്വഭവ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളെ ഐ.എസ്.ഒ നിലവാരത്തിലേക്ക് ഉയർത്താനുള്ള താഴെ വിവരിക്കുന്ന മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്.<br>1. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുക.<br>2. ഓഫീസ് സംവിധാനത്തിന്റെയും വിഭവങ്ങളുടെയും കാര്യക്ഷമതയും ഫലപ്രാപ്തിയും ഗുണനിലവാരവും ഉറപ്പ് വരുത്തുക.<br>3. സേവനങ്ങൾ സമയബന്ധിതമാണെന്ന് ഉറപ്പ് വരുത്തുക.<br>4. ജനാഭിലാഷം വിശകലന വിധേയമാക്കി സേവനപ്രദാന സംവിധാനം തുടർച്ചയായി മെച്ചപ്പെടുത്തുക |

5. ഓഫീസ് സംവിധാനവും ഭരണ സംവിധാനവും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് തത്ത്വങ്ങളിൽ അധിഷ്ഠിതമാക്കുകയും , നിലനിർത്തുകയും ചെയ്യുക.
6. പശ്ചാത്തല സൗകര്യങ്ങളുടെയും സംവിധാനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയും നിലനിർത്തുകയും ചെയ്യുക.
7. പ്രകൃതി സംരക്ഷണം, ശുചിത്വം എന്നിവ സുസ്ഥിരവും ഗുണനിലവാരമുള്ളതും ആക്കി മാറ്റുന്നതിലൂടെ ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കുക.
8. സ്ത്രീകൾ, ഭിന്നശേഷി ഉള്ളവർ, കുട്ടികൾ, വയോജനങ്ങൾ, സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥയുള്ളവർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങൾക്കും സമത്വം ഉറപ്പ് വരുത്തുന്ന രീതിയിൽ സേവന പ്രദാന സംവിധാനം ഏർപ്പെടുത്തുക.
9. ഗുണനിലവാര സംവിധാനത്തിന്റെ മുഖമുദ്രയായ ഐ.എസ്.ഒ 9001:2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കുകയും കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുക.

**(ബി) പ്രസ്തുത പദ്ധതി മുഖേന പഞ്ചായത്തുകൾക്കും ജനങ്ങൾക്കും ലഭ്യമാകുന്ന സൗകര്യങ്ങളും സേവനങ്ങളും എന്തെല്ലാമെന്ന വിശദമാക്കുമോ;**

(ബി)

1. പൗര സർവ്വെ ഫലങ്ങളുടെ അടിസ്ഥാനത്തിൽ പൗരാവകാശ രേഖ തയ്യാറാക്കുകയും വ്യാപകമായി വിതരണം ചെയ്യുകയും ചെയ്യുന്നു.
2. ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള പൗരാവകാശ രേഖയിൽ പറയുന്ന സേവനങ്ങൾക്ക് ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് തയ്യാറാക്കുന്ന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തുന്നു.
3. പൗരാവകാശ രേഖയിൽ പറയുന്ന സേവനങ്ങളുടെ ഗുണനിലവാരം ഘട്ടംഘട്ടമായി ഉറപ്പുവരുത്തുന്നു. ഒന്നാം ഘട്ടമായി (അതായത് ഐ.എസ്.ഒ സർട്ടിഫിക്കേഷന് മുൻപായി) പൗരാവകാശ രേഖയിൽ പറയുന്ന സേവനങ്ങൾക്ക് ഗുണമേന്മ ഉറപ്പു വരുത്തുന്നു.
4. അതത് ദിവസം തന്നെ കൊടുക്കാവുന്ന സേവനങ്ങൾ അപേക്ഷ കിട്ടി എത്രയും വേഗം കൊടുക്കുവാൻ സംവിധാനമു ണ്ടാക്കുന്നു.
5. പ്രവർത്തനങ്ങൾ ജനകേന്ദ്രീകൃതമാക്കുന്നു.
6. സേവനങ്ങൾ സമയബന്ധിതമായി നൽകാൻ സാധിക്കുന്നു
7. മെച്ചപ്പെട്ട ഓഫീസ് സംവിധാനം

വഴി ജീവനക്കാർക്ക് മികച്ച രീതിയിൽ ജോലി ചെയ്യുന്നതിന് സാധിക്കുന്നു.

8. റെക്കോർഡ് മാനേജ്മെന്റിലൂടെ രേഖകൾ പെട്ടെന്ന് എടുക്കുന്നതിന് സാധിക്കുന്നു.

9. അന്വേഷണങ്ങൾ ആവശ്യമില്ലാത്തതും പഞ്ചായത്തിന്റെ വിവര ശേഖരത്തെ അടിസ്ഥാനമാക്കി നൽകേണ്ടതുമായ സേവനങ്ങൾ അപേക്ഷ കിട്ടിയാലുടൻ തന്നെ നൽകുവാനുള്ള സംവിധാനമുണ്ടാക്കുന്നു.

10. 1970 മുതലുള്ള ജനന-മരണ സർട്ടിഫിക്കറ്റുകൾ 2008 മുതലുള്ള പൊതുവിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ എന്നിവ പൊതുജനങ്ങൾക്ക് സ്വമേധയാ ഡൗൺലോഡ് ചെയ്യാനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നു. കെട്ടിട നികുതി ഓൺലൈനായി അടക്കാനുള്ള സജ്ജീകരണവും ഏർപ്പെടുത്തുന്നു.

(സി) ഐ.എസ്.ഒ നിലവാരം പ്രാപ്തമാക്കാൻ പഞ്ചായത്തുകൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമെന്നുവിശദമാക്കാമോ?

(സി) ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ഐ.എസ്.ഒ 9001:2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് പരിഷ്ക്കരിച്ച മാർഗ്ഗരേഖ 29.01.2015

സ.ഉ (എം.എസ്) നം. 18/2015/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്(പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്